പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5525

01.07.2019 - ൽ മറുപടിക്ക്

## കോഴിക്കോട് സഹകരണ ഭവൻ കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോർജ് എം. തോമസ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പമന്ത്രി) | |
| എ) | സഹകരണ വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസുകൾ പ്രവർത്തിച്ചുവരുന്ന സഹകരണ ഭവൻ കെട്ടിടം ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ ആയത് ഉപയോഗപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) | കെട്ടിടം നവീകരിക്കുക പ്രായോഗികമല്ലാത്തതിനാൽ പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) | പ്രസ്തുത കെട്ടിടം ഉപയോഗശൂന്യമായതിനു ശേഷം ഓഫീസുകൾ പ്രവർത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പകരം സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | സി) | സഹകരണ ഭവൻ കെട്ടിടം ഉപയോഗശൂന്യമായതിനു ശേഷം സഹകരണ ഭവനിൽ പ്രവർത്തിച്ചിരുന്ന ജോയിന്റ് രജിസ്ട്രാർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ ആഫീസുകൾ 14.05.2012 മുതൽ കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബിൽഡിംഗ് വാടകയ്ക്കെടുത്ത് പ്രവർത്തിച്ചിരുന്നു. എന്നാൽ വാടക കുടിശ്ശിക മൂലം കോഴിക്കോട് കോർപ്പറേഷൻ നിയമ നടപടികൾ സ്വീകരിച്ച് ആഫീസുകൾ ഒഴിപ്പിച്ചിരുന്നു.<br>തുടർന്ന് പുതിയറയിലുള്ള സഹകരണ ഭവനോട് ചേർന്ന് സഹകരണ വകുപ്പിന് സ്വന്തമായുള്ള സ്ഥലത്ത് ഒരു സെമി പെർമനന്റ് ഷെഡ് നിർമ്മിച്ച് മേൽ ആഫീസുകൾ പ്രവർത്തിച്ചുവരുന്നു. സൗകര്യപ്രദമായ രീതിയിൽ പുതിയ ഒരു കെട്ടിടം പണിതാൽ മാത്രമേ സഹകരണ ഭവനിലെ ഓഫീസുകൾ സുഗമമായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ